little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# പറവകൾ





ജി.എച്ച്.എസ്.ചാമുണ്ഡിക്കുന്ന്



ജി.എച്ച്.എസ്. ചാമുണ്ഡിക്കുന്ന്

ചാമുണ്ഡിക്കുന്ന് (പി.ഒ)

രാജപുരം(വഴി)

കാസർഗോഡ്(ജില്ല)

പിൻ : 671532

<u>എഡിറ്റർ</u>

വിശാഖ് . എം .ആർ

<u>എഡിറ്റോറിയൽ ബോർഡ്</u>

അമല

അമൃത

ആവണി അഞ്ജിത്

അനഘ.എസ്

കീർത്തന.വി.എസ്

അനുഷ ജ്യോതിഷ്

ഗൗതംകൃഷ്ണ

ജ്ഞാനജ്യോതി. ആർ

നവീൻ ബാബു

<u>കവർപേജ്</u>

മാളവിക.പി

little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ആമുഖം

പൊതു വിദ്യാഭ്യാസ മേഖലയിൽ ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിട്ടിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ജി.എച്ച്.എസ്. ചാമുണ്ഡിക്കുന്നിലെ യൂണിറ്റംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.പരിശീലന കാലയളവിൽ ഞങ്ങൾ നേടിയെടുത്ത സാങ്കേതികരംഗത്തെ അടിസ്ഥാന നൈപുണികൾ പ്രയോജനപ്പെടുത്തി ഞങ്ങൾ തയ്യാറാക്കിയിരിക്കുന്ന ഈ പ്രവർത്തനത്തിന് ഏവരുടേയും അനുഗ്രഹാശിസ്സുകൾ ഉണ്ടാകുമെന്ന പ്രതീക്ഷയോടെ.......

കൈറ്റ് മിസ്ട്രസ് & മാസ്റ്റർ
പത്മകുമാർ . പി .പി.
ശുഭ . പി . പി.ഏ

# ആശംസകൾ

ചാമുണ്ഡിക്കുന്ന്
ഗവ:ഹൈസ്കൂളിലെ വിദ്യാ
ർത്ഥികളുടെ സർഗാത്മക കഴിവുകളുടെ
പ്രതിഫലനം കൈയെഴുത്ത് മാസികയിലൂടെ
പലതവണ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഇത്
ആദ്യമായാണ് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു
ഇ. മാഗസിൻ തയ്യാറാക്കുന്നത്. ഐ.ടി മേഖലയിലുണ്ടാകുന്ന
അനുദിനമാറ്റങ്ങൾ സാംശീകരിക്കാൻ കുട്ടികൾ പ്രാപ്തരാ
ണ് എന്നതിന്റെ തെളിവാണിത്. ഇതിന്റെ പിന്നി
ൽ പ്രവർത്തിച്ച മുഴുവൻ വിദ്യാർത്ഥികളെയും
അഭിനന്ദിക്കുന്നു. ഐടി മേഖലയിലെ നൂത
ന സങ്കേതങ്ങൾ കുട്ടികളുടെ പഠ
ന പുരോഗതിയെയും സർഗാത്മ
കശേഷികളെയും കൂടുതൽ
പരിപോഷിപ്പിക്കാൻ കഴി
യട്ടെ എന്ന് ആശംസിക്കുന്നു.



കെ.രഞ്ജിത്ത് കുമാർ
ഹെഡ്മാസ്റ്റർ

# ആശംസകൾ

**ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.**

**അഞ്ജു . ആർ**
**സ്കൂൾ ലീഡർ**



## ഉള്ളടക്കം

അമ്മ സൗഭാഗ്യം.....8
നമ്മുടെ വനം.....9
നമ്മുടെ കേരളത്തെ നാം രക്ഷിക്കണം.....10
അമ്മ.....11
പ്രളയത്തിനോട്.....12
വിക്ടറിന്റെ ബുദ്ധി.....13
ഉണരുന്ന കേരളം.....14
പ്രകൃതി എന്ന അമ്മ.....15
ഓർമ്മയായ്.....16
മഞ്ഞണി തുമ്പികൾ.....17
നേരിടാം ഈ ദുരന്തത്തെ.....18
നന്ദി.....19

# അമ്മ സൗഭാഗ്യം

-ഭാവന.എസ്സ്

**അമ്മതൻ മടിയിൽ ഞാൻ മയങ്ങി**
**അമ്മതൻ കവിളിൽ ചുംബനം നൽകി**
**ഞാനറിയാതെ സ്നേഹിച്ചു പോയി**
**അമ്മ നന്മയിലേക്ക് നയിച്ചു**
**അമ്പിളി മാമനെ ചൂണ്ടി അമ്മ**
**ഏറെ കഥകൾ പറഞ്ഞു തന്നു**
**താരട്ടു പാടി രസത്തോടെന്നെ**
**തൊട്ടിലിൽ കിടത്തി ഉറക്കി**
**അമ്മയെന്നെ വാരിപ്പുണർന്നു**
**അമ്മതൻ കണ്ണീർ തുള്ളി പൊഴിഞ്ഞു**
**ഞാൻ മുറ്റത്തോടി**
**ക്കളിച്ച കാലങ്ങൾ കഥകൾ പറഞ്ഞ് തന്ന്**
**ആഹാരം വാരിതന്നൊരെന്നമ്മ**
**ഇപ്പഴാ സൗഭാഗ്യമെവിടെ?**
**എവിടെ എൻ പൊന്നമ്മ..........**

# നമ്മുടെ വനം

ഗോപിക.ബി

പനത്തടി പഞ്ചായത്തിലെ കൊച്ചു ഗ്രാമമായ ചാമുണ്ഡിക്കുന്നിന്റെ ഹൃദയഭാഗത്ത് അൻപത്ഏക്കറോളംവരുന്ന കൊച്ചു വനം.നമ്മുടെ സ്കൂളിന്റെ മുറ്റത്ത് മുളക്കാടുകളാൽ സമ്പൽ സമൃദ്ധവും പക്ഷി മൃഗാദികളുടെ പറുദീസയുമായ പച്ചവിരിച്ച് നിൽക്കുന്ന മനോഹരവുമായ ഈ കൊച്ച് വനം ഇന്ന് നാശത്തിന്റെ വക്കിലാണ്. പരിസ്ഥിതിയെ കുറിച്ച് മാത്രം സംസാരിക്കുന്ന നാം ഇതു കണ്ടില്ലെന്ന് നടിക്കുന്നു.നമ്മുടെ ജില്ലയിൽ മുളക്കാടുകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതി തുടക്കം കുറിക്കുമ്പോൾ തന്നെ ഒരു വശത്ത്പരിസ്ഥിതിയെ വെട്ടി നശിപ്പിക്കുന്നു ഇതിനൊരു മാറ്റവും ഇല്ലെങ്കിൽ നമ്മുടെ കൊച്ചുവനം എന്നെന്നേക്കുമായി നശിച്ചുപോകും.വരൂ നമ്മുക്ക് ഈ വനം വീണ്ടെടുക്കാം.പക്ഷികളും മറ്റു ജീവജാലങ്ങളും നിലനിന്നാൽ മാത്രമെ മനുഷ്യജീവിനും നിലനിൽക്കുന്ന സത്യം ആരും മറക്കരുത്.

# നമ്മുടെ കേരളത്തെ നാം രക്ഷിക്കണം

അർച്ചന എസ്

കേരളത്തെ നെടുങ്ങനെ ഭയത്തിന്റെ മുൾമുനയിൽ നിർത്തിയ മഹാപ്രളയം കഴിഞ്ഞ് ഒരു മാസത്തിനു ശേഷമുള്ള ഒരു പ്രഭാതം "അയ്യോ!മനുവിനെ രാവിലെ അഞ്ചു മണിക്ക് തന്നെ എഴുന്നേൽപ്പിക്കാൻ പറഞ്ഞതാണല്ലോ,ഇപ്പോൾ സമയം ആറരകഴിഞ്ഞു.ഇനി ഇപ്പോൾ എന്ത് ചെയ്യും".മനുവിന്റ അമ്മ ആത്മഗതം എന്നോണം പറഞ്ഞു.മനുവിന്റെ കിടപ്പുമുറി വീടിന്റെ രണ്ടാം നിലയിലാണ് ഉള്ളത്."മനു...മനു...എടാ എഴുന്നേൽക്കെടാ സമയം ആറര കഴിഞ്ഞു.അമ്മ താഴത്തെ നിലയിൽ നിന്നു പറഞ്ഞു."അതിനെന്താ .......അയ്യോ!സമയം എത്രയാണെന്നാ പറഞ്ഞത് ആറര കഴിഞ്ഞോ?എന്റീശ്വരാ...ഞാൻ ഇപ്പോൾ എന്ത് ചെയ്യും പതിനൊന്ന് മണിക്ക് അവിടെ എത്തണം എന്നാണല്ലോ പറഞ്ഞത്...ഭഗവാനേ....മനു അമ്മയോടെന്ന പോലെ കിടപ്പുമുറിയിൽ നിന്നും പിറുപിറുത്തു."എവിടെ?ആര്?നീ എന്താ മനു പിറുപിറുക്കണെ?എനിക്കൊന്നും മനസ്സിലാകുന്നില്ല."അമ്മേ ഞാൻപറഞ്ഞതല്ലേ അമ്മയോട് ഇന്ന് റവന്യൂവകുപ്പ് മന്ത്രി ശ്രീ.ഇ.ചന്ദ്രശേഖരൻ സാറിനെ കരുനാഗപള്ളിയിൽ വച്ച് കാണാൻ പോകുമെന്ന്.അപ്പോഴേക്കും അതും മറന്നുവോ? പ്രളയക്കെട്ടതിൽ നശിച്ച പ്രദേശത്തെ പുനർ നിർമ്മിക്കാനായി ഞാൻ ഒരു പ്രൊജക്ട് ചെയ്തത്,അവൻ അമ്മയുടെ ചോദ്യത്തിന് മറുപടി നൽകി"എടാ..മനു എടാ"പുറത്തു നിന്നും ആരോ വിളിച്ചു പറയുന്നു."ആരാടാ മനു അത്?നോക്കിക്കേ"അമ്മ പറഞ്ഞു."ഓ അത് ശരത്താ,അവനോട് തെക്കേപ്പുറം തറവാട്ടിലെ മനോഹരൻ ചേട്ടന്റെ കാറുകൊണ്ട് വരാൻ പറഞ്ഞിരുന്നു." "മിണ്ടിക്കൊണ്ടിരിക്കാതെ ആ....കതക് തുറക്കെടാ ചെക്കാ" "ഓ....." "പോകാടാ...മനു വേഗം വാ സമയം ഒൻപത് കഴിഞ്ഞു ഈ മിടുക്കൻ മുക്കിൽ നിന്ന് കരുനാഗപള്ളിയിൽ എത്തുമ്പോഴേക്കും പത്ത് പത്തരയാകും"ശരത് പറഞ്ഞു"ഓ....ദാ....വരുന്നു" "മോനെ ടൈ എടുത്തിട്ടില്ല ദാ...." "ആ..... ഞാൻ പോയി വരാം അമ്മേ എന്നെ അനുഗ്രഹിക്കണം " "പോയി വരു മോനെ"അമ്മയുടെ കയ്യിൽ നിന്ന് അനുഗ്രഹം വാങ്ങി അവൻ വണ്ടിയിൽ കയറി.ശരത്ത് പറഞ്ഞതുപോലെത്തന്നെ അവിടെ എത്തുമ്പോൾ പത്ത് മണി കഴിഞ്ഞിരുന്നു.

അവരവരുടെ പ്രോജക്ടുകൾ കൊണ്ട് മന്ത്രിയെ കാണാൻ പത്തിരുപതോളം ആളുകൾ കരുനാഗപള്ളിയിൽ വന്നിരുന്നു.ആദ്യം തന്നെ മന്ത്രിയെ തന്റെ പ്രൊജക്ടിനെക്കുറിച്ച് പറയാനായി മനുവാണ് പോയത്.മന്ത്രി ഇ.ചന്ദ്രശേഖരന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹം മനുവിനോട് ഇരിക്കാൻ പറഞ്ഞു.അതിനുശേഷംമനു തന്റെ പ്രൊജക്ടിനെ കുറിച്ച് വിവരിക്കാൻ തുടങ്ങി."ഗുഡ്മോണിംഗ് സർ ഇന്ന് ഞാൻ ഇവിടെ പ്രസന്റ്ചെയ്യുന്നത് ദുരിതബാധിതർക്ക് വളരെ ഉപകാരമേറിയ ചിലവ് കുറഞ്ഞ ഒരു പ്രൊജക്ട് ആണ്.ഒരു വീട്ടിൽ വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ ഉപയോഗിച്ചാണ് ഇതിന്റെ അടിത്തറ നിർമ്മിക്കുന്നത്.ഇത് വെള്ളം വരുമ്പോൾ വീട് പൊങ്ങിനിൽക്കാൻ സഹായിക്കുന്നു.പിന്നീട് വീട് താഴുകയും ചെയ്യുന്നു.ഇത് ജനങ്ങളുടെ ജീവനും കൂടി സംരക്ഷിക്കുന്നു.ഇതാണ് സർ എന്റെ പ്രൊജക്ട്" എന്ന് പറഞ്ഞ് മനു ഒരു വീടിന്റെ ചെറിയ മോഡൽ എടുത്തുകാണിച്ചു.അപ്പോൾ മന്ത്രി മനുവിന്റെ തോളിൽ കൈ വച്ച് പറഞ്ഞു "നമുക്ക് നോക്കാം.ഇത് ഒരു നല്ല പ്രൊജക്ട് ആണ്."എന്നിട്ട് മനു പുറത്ത് വരുമ്പോൾ അവന് എന്തന്നില്ലാതെ ചാരിതാർത്ഥ്യം തോന്നി.എന്തെന്നാൽ തന്റെ തോളത്ത് ഇത്രയും വലിയ സ്ഥാനത്തുള്ള ഒരു വ്യക്തി കൈയിട്ട് സംസാരിച്ചു എന്നതുകൊണ്ടാണത്.ഒരു ദിവസം മനുവിന്റെ വീട്ടിലേക്ക് ഒരു ലെറ്റർ വന്നു.അതിൽ മനുവിന്റെ പ്രൊജക്ട് സർക്കാർ അംഗീകരിച്ചു എന്നതുള്ളതായിരുന്നു അത്.അപ്പോൾ മനുവിന്റെ മനസ്സിൽ ഒരു മണിനാദം പോലെ."നമ്മുടെ കേരളത്തെ നാം രക്ഷിക്കണം.എന്ന ഒരു മന്ത്രവും മുഴങ്ങി."

# അമ്മ

എന്റെ എല്ലാ പ്രഭാതവും ധന്യമാകണമെന്ന് തന്നയാണ് എന്റെ ചിന്ത.

രാവിലെ അമ്മ വിളക്കാതെ ഉണരാനെ തോന്നില്ല. അമ്മയുടെ സൗമ്യമായ വിളിതന്നെയാണ് എന്നും എന്നെ ഊർജത്തിലേക്ക് നയിക്കുന്നത്. അമ്മയോട് വഴക്കിട്ടാൽ അന്നത്തെ ദിവസം പോക്കാണ്. അമ്മയുടെ സ്നേഹം എന്നെ ഒരിക്കലും തകർക്കില്ല .

അമ്മയില്ലത്ത ഒരു ലോകം എന്റെ ചിന്തകളിലേ ഇല്ല. എങ്കിലും എന്നെ ഒന്ന കളിപ്പിക്കൻ അമ്മ പറയും "ഞാനില്ലങ്കിൽ നീ എങ്ങനെ ജീവിക്കും"അത കേൾക്കുമ്പോൾ എന്റെ മുഖം വാടും കണ്ണുകൾ തുളുമ്പും.കണ്ണില്ലെങ്കിലേ കണ്ണിന്റെ വിഷമം മനസ്സിലവുകയുള്ളൂ. അമ്മ എന്നെക്കാൾ കൂടുതൽ ആരെയും സ്നേഹിക്കുന്നതെനിക്കിഷ്ട്ടമല്ല . ജീവിതത്തിൽ എന്റെ ഉയർച്ച എന്നത് അമ്മയുടെ പ്രർത്ഥന തന്നെയാണ്.അമ്മ എന്ന വാക്ക് നാം നോക്കിയാൽ വെറും രണ്ട് അക്ഷരം മാത്രം. അതിനെത്രത്തോളം മഹത്ത്വം ഉണ്ടെന്നകാര്യം നാം മനസ്സിലാകേണ്ടത് അനിവാര്യം തന്നെയാണ്. ജീവിതയാത്രയിൽ നാം കൂടെ കരുതേണ്ട പലമൂല്യങ്ങളും സ്വായത്തമാക്കുന്നത് അമ്മയുടെ സാന്നിധ്യം കൊണ്ട്തന്നെയാണ്.

"എന്റെ എല്ലാമാണ് എന്റെ അമ്മ".

# **പ്രളയത്തിനോട്......**

ആരുഷി പല്ലവി

പ്രളയമേ............
നീ എൻ ജീവനെടുക്കരുതെ.........
പ്രളയമേ............
നീ എൻ അറിവുതകർക്കരുതെ
കൂടെ ഞങ്ങളുടെ വിദ്യാലയവും.....
നീ.... നിന്റെ വാക്കുപാലിച്ചില്ല
നീ എന്റെ അനുജനെ കൊന്നു
ഇറങ്ങി പോകൂ പ്രളയമേ........
ഞങ്ങളുടെ കേരളത്തിൽ നിന്നും
പഴയതാക്കിതരൂ എന്റെ കേരളത്തെ....

# വിക്റ്ററിന്റെ ബുദ്ധി

1956 അമേരിക്കയിലെ ഒരു നഗരത്തിൽ വലിയ ഒരു ഇന്റർവ്യൂ നടക്കുമ്പോൾ പല ഉന്നതൻമാരായ സയന്റിസ്റ്റുകൾ പങ്കെടുക്കുന്നുണ്ട്. ആ ഇന്റർവ്യൂവിൽ ഏറ്റവും മികച്ച സയന്റിസ്റ്റിന് അവാർഡ് നൽകുന്നു. അപ്പോൾ അവിടെ വിക്റ്റർ എന്ന പ്രഗൽഭനായ സൈന്റിസ്റ്റ് വിചാരിക്കുന്നു ആ അവാർഡ് തനിക്ക് ലഭിക്കുമെന്ന് പക്ഷെ അത് നടക്കുന്നില്ല. തന്റെ ഗുരു കൂടിയായ അൽബട്ടിന് ആ അവാർഡ് ലഭിക്കുന്നു. ഇത് കാരണം വിക്റ്ററിന് പക കൂടുന്നു. അയാൾ ലോകത്തു തന്നെ പ്രഗൽഭനായ സൈൻറ്റിസ്റ്റാകാൻ ആഗ്രഹിക്കുന്നു.വിക്റ്റർ അതിനുവേണ്ടി മൃതദേഹത്തിൽ നിന്ന് ഒരു ജിവനുള്ള മനുഷ്യനെ പുനർനിർമ്മിക്കാൻ തീരുമാനിക്കുന്നു. അതിന് തനിക്ക് ഒരു സഹായി വേണമെന്ന് വിക്റ്റർ വിചാരിക്കുന്നു. വിക്റ്റർ ഒരു കൂനനെ സഹായിയായി കൂട്ടുന്നു. അന്നുരാത്രി അവർ മൃതദേഹം അന്യേഷിച്ചു പോയി. അവർ വരുന്നതിനു മുമ്പ് തൂക്കിലെറ്റിയ ഒരു കുറ്റവാളിയുടെ മൃതദേഹം ലഭിക്കുന്നു . അവർ അത് അവരുടെ രഹസ്യ ലാബിൽ കൊണ്ടു പോകുന്നു. പിന്നെ വിക്റ്ററിന്റെ സഹായിയായ കൂനൻ വിക്റ്ററിന്റെ ഗുരുവായ ആൽബട്ടിന്റെ ലാബിൽ നിന്ന് ഒരു മസ്തിഷ്കം മോഷ്ടിക്കുന്നു പക്ഷെ അത് തറയിൽ വീണ്പൊട്ടുന്നു. പിന്നെ ഒരു ക്രൂരനായ കുറ്റവാളിയുടെ മസ്തിഷ്കം കൂനൻ എടുത്തുകൊണ്ടു പോകുന്നു. രണ്ടു ദിവസത്തിനു ശേഷം ആ മൃതദേഹത്തിൽ നിന്ന് വിക്റ്റർ ഒരു മനുഷ്യനെ പുനർ നിർമ്മിക്കുന്നു. പക്ഷെ അവൻ ഒരു ക്രൂരനായ കുറ്റവാളിയായിരുന്നു. അവൻ ആ നഗരത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നു. അവൻ അണുബോംബ് തുടങ്ങിയ സ്പോടന വസ്തുക്കൾ ഉപയോഗിച്ച് വിനാശം വരുത്തുന്നു. അവനെ അമേരിക്കൻ പോലിസ് പിടിക്കുന്നു. അപ്പോഴാണ് അവൻ തുക്കിലേറ്റിയവനെ പോലെയിരിക്കുന്നത് കണ്ടത്. ഈ സമയം മൃതദേഹത്തിൽ നിന്ന് ജീവൻ നിർമ്മിക്കുന്ന മരുന്ന് വിക്റ്റർ പ്രസിധികരിക്കുന്നത്. അപ്പോൾ അമേരിക്കൻ പോലിസിന് മനസ്സിലായി വിക്റ്ററാണ് ഇയാളെ നിർമ്മിച്ചത് എന്ന് വിക്റ്ററിനെ പോലിസ് പിടിക്കുടുന്നു. വിക്റ്റർ വധശിക്ഷ അനുഭവിക്കുന്നു.

# ഉണരുന്ന കേരളം

അനപ്രിയ.സി.എൻ

സഖി നി ഓർക്കുന്നുവോ...
ആ നല്ല ദിനങ്ങൾ
മറക്കുവാൻ വയ്യ ഇനി
എനിക്കീ.. ജൻമം...
തീരാത്ത കണ്ണിൻ ദുഃഖം
ഒന്നും ഇല്ലാത്തവനെയും
ഉള്ളവനേയും ഒന്നിച്ച്
ചേർത്ത ആ ദിനം
നീ ഓർക്കുന്നുവോ?
ഇറ്റിറ്റുവീണ കണ്ണീരിൻ ദുഃഖം
മറക്കുവാൻ ഇനി ബാക്കി മാത്രം
ആശുപത്രികൾ എല്ലാം നിശ്ചലം
തൊട്ടാൽ പൊടിയുന്ന ഭിത്തികൾ
കാറ്റിനുമുണ്ട് മരണത്തിന്റെ ഗന്ധം
കടലിന്റെ മക്കൾ രക്ഷകർ
ഒരു നല്ല ആഘോഷവുമില്ല
നാം വീണ്ടെടുക്കും നന്മ നിറഞ്ഞ നാടിനെ
സഖി നീ ഓർക്കുന്നുവോ........
ആ പഴയ കാലം...

# പ്രകൃതി എന്ന അമ്മ

ദേവനന്ദ വിശ്വുതൻ

പ്രകൃതി എന്നത് അമ്മയാണ് . സ്വന്തം അമ്മയോട് സ്നേഹമുള്ളവർ പ്രകൃതി നശിപ്പിക്കില്ല. പ്രകൃതിയാതകുന്ന അമ്മ നമ്മുക്ക് വായുവും,ജലവും,ചൂടും,തണുപ്പും നൽകുന്നു. നമ്മൾ പെട്ടെന്ന് ക്ഷീണം തോന്നുകയാണെങ്കിൻ വൃക്ഷങ്ങൾ നമ്മുക്ക് തണൽ നൽകുന്നു. നമ്മൾ ശരിക്കും പറഞ്ഞാൽ കട്ടുളൻമാരാണ് .ഇങ്ങനെ പറയാൻ കാരണം നമ്മൾ മനുഷ്യർ മരങ്ങൾ മുറിക്കുന്നു.അതാണ് നമ്മൾക്ക് എഴുതാൻ സഹായിക്കുന്ന പുസ്തകങ്ങൾ ഉണ്ടക്കുന്നത്.തണുത്ത കാറ്റ് നൽകുന്നതും മരങ്ങൾ. അങ്ങനെയുള്ള മരങ്ങൾ നമ്മൾ മുറിച്ച് വിറ്റ് പൈസ കൈപ്പറ്റുന്നു.മറ്റു മൃഗങ്ങളെ കൊന്ന് ഭക്ഷിക്കുന്നു.കാണുന്ന സസ്യങ്ങളെ അടിച്ച് ഒടിക്കുന്നു, മറ്റ് മനുഷ്യരെ കൊല്ലുന്നു,അടിക്കുന്നു,ഉപദ്രവിക്കുന്നു,മോഷ്ടിക്കുന്നു.മനുഷ്യൻ കാട്ടാളനാണെന്ന് പറയാൻ കാരണം ഇതൊക്കെത്തന്നെയാണ്.പ്രകൃതിയെ നശിപ്പിക്കുന്നവർ ശരിക്കും പറഞ്ഞാൽ ദുഷ്ടരാണ്. പ്രകൃതി അമ്മയാണ് ആ അമ്മയെ നമ്മൾ ഉപദ്രവിക്കരുത്.

# ഓർമ്മയായ്


ഗൗരി.എസ്.നായർ

ഇന്ദ്രനീലിമയാർന്ന നഭസ്സ്
അതിൽ നീന്തിത്തുടിക്കുന്ന വാരിദങ്ങൾ
പൂത്തുലഞ്ഞ് നിൽക്കുന്ന വല്ലരികൾ
ഇളം കാറ്റിൽ ചെമ്പകപ്പൂവിന്റെ സുഗന്ധം-
ഒരു മൂളിപ്പാട്ടുപോലെ.
കള കളമൊഴുകുന്ന തരംഗിണികൾ
അതിൽ തുള്ളിച്ചാടുന്ന പിഞ്ചോമനകൾ
മയിലുകൾ പീലി വിടർത്തുന്ന വനാന്തരങ്ങൾ
അട്ടഹാസം മുഴക്കുന്ന വനരാജാവ്
പച്ചവിരിച്ച നെല്ല് പാടം
കോകിലങ്ങളുടെ സംഗീതം
കൈകോർത്ത് പിടിക്കുന്ന ക്കുരകൾ
മണ്ണ് കിടക്കയാക്കുന്ന ജനങ്ങൾ
തേനൂറും രുചിയോടെ ചക്കരമാമ്പഴങ്ങൾ
റാന്തൽ വിളക്കിൻ വെളിച്ചം പോലെ-
എല്ലാം ഒരു ഓർമ്മയായ്....ഓർമ്മയായ്......

# <u>മഞ്ഞണി തുമ്പികൾ</u>

അർച്ചന വി

മഞ്ഞണി തുമ്പികൾ പാറിപറക്കുന്നു
നേരിൻ അർത്ഥമില്ലാതെ
രാവായി പെയ്യുന്ന മഴപോലെയെത്തും
കുളിരണിയും മലനിരകൾ
തുള്ളി തുളുമ്പിയൊരോമൽ പൈങ്കിളി
പാറി പറന്നു വന്നേ..
മഞ്ഞണി തുമ്പികൾ പാറി പറക്കുന്നു
പൂവിൻ തേൻ നുകരാനായ്..
സ്നേഹ സന്ദേശം പരത്താനായ്..
മഞ്ഞണി തുമ്പികൾ പാറി പറക്കുന്നു..



# നേരിടാം ഈ ദുരന്തത്തെ

അഞ്ജന പത്മൻ

പ്രിയമുള്ളവരെ

കേരളം എന്നാൽ കേരവൃക്ഷങ്ങളുടെ നാടാണ്.അതിഭീകരമായിരുന്നു കേരളം ഈ വർഷം നേരിട്ട പ്രളയം . ഇപ്പോഴും നാം അതിൽ നിന്ന പൂർണമായും മോചനം നേടിയിട്ടില്ല . അപ്രതീക്ഷിതമായിട്ടായിരുന്നു ആ ദുരന്തം എത്തിയത് . നിരവധി പേർഅതിൽപെട്ട് മരണമടഞ്ഞു . അനേകം പേർക്ക് പരിക്കു പററി അനേകം പേർക്ക് സർവ്വതും നഷ്ടപ്പെട്ടു . പാഠപുസ്തകങ്ങളും നോട്ടുപുസ്തകങ്ങളും സ്കൂൾയൂണിഫോമുകളും വരെ നഷ്ടപ്പെട്ട് വിതുമ്പുന്ന കുട്ടികളുടെ ദുഃഖങ്ങൾ നാം കാണുന്നുണ്ട്. അവസാനം ദുരന്തം വഴിമാറി. ഇനി നമുക്ക് എല്ലാം ശരിയാക്കണം അതിനായി കഠിനമായി പ്രവർത്തിക്കാം. ഈ അവസരത്തിൽ ഒരു കാര്യമാണ് എനിക്ക് അപേക്ഷിക്കാനുള്ളത് നിരാശരാവരുത് . സമചിത്തയോടേ ദുരന്തത്തെ നേരിടുക . ലോകത്ത് എത്രയോ രാജ്യത്ത് എത്രയോ ദുരന്തങ്ങൾ വന്നിട്ടുണ്ട്.അവയെ എല്ലാം ധീരതയോടെ നേരിട്ട ചരിത്രമാണ് ലോകത്തിന്റേത്. ഹിരോഷിമയിൽ വീണ അണുബോംബ് വർഷിച്ച മാരകരശ്മികൾ ഏറ്റ് രക്താർബുദം പിടിപെട്ട് നരകത്തിനു തുല്യമായ അവസ്ഥ അനുഭവിച്ച സഡാക്കോ സസാക്കിയുടെ കഥ ഓർക്കുക.വിയറ്റ്നാം ജനത എത്രകാലം യുദ്ധയാതനകൾ നേരിട്ടു.കാശ്മീരിലെ ജനത ഓരോ വർഷവും വെള്ളപ്പൊക്കത്തെ നേരിടുന്നു. ലാത്തൂറിലെ ഭൂകമ്പം ഉണ്ടാക്കിയ ദുരന്തം . ഇൻഡോനേഷ്യൻ ജനത ഓരോ വർഷവും അഗ്നിപർവ്വത സ്ഫോടനങ്ങൾ നേരിടുന്നു. സമ്പന്നമായ അമേരിക്കയിൽ പോലും ചുഴലിക്കാറ്റും പ്രളയവും അനേകായിരത്തോളം ജീവിതങ്ങളെ ദുരിതത്തിലേക്ക് നയിക്കുന്നു.

കേരളം 1924 ൽ ഒരു മഹാപ്രളയത്തിൽ പെട്ടതാണ് .ഇന്നത്തേക്കാൾ കൂടുതൽ മരണം അന്നുണ്ടായി എന്നാണ് കരുതപ്പെടുന്നത്. പ്രളയവും പ്രകൃതിയുടെ പ്രതിഭാസം തന്നെയാണ് .അത്തരം ദുരന്തങ്ങൾ ഇനിയെം ഉണ്ടായേക്കാം. അത്തരം ദുരന്തത്തെ നേരിടാൻ ധൈര്യം കൂടിയെ തീരു. എല്ലാവരും ഒരുമിച്ച് കൈ കോർത്താൽ അതിജീവിച്ച കഴിഞ്ഞിരിക്കും.

# നന്ദി

അനന്തമായ ആകാശത്തെ പറവകളെപ്പോലെ വിവരസാങ്കേതിക വിദ്യയുടെ അനന്തവിഹായസ്സിൽ പറന്നുയരാനുള്ള ഞങ്ങളുടെ ഈ എളിയശ്രമത്തിന് പിന്തുണയുംപ്രോത്സാഹനവും നൽകിയ എല്ലാവർക്കും നന്ദി.